## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 4960

21.10.2011- ൽ മറുപടിയ്ക്ക്

### പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച പദ്ധതികൾ പലതിനും ഈ സർക്കാർ തുടർ നടപടി സ്വീകരിക്കാത്തത് ഈ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചതായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | കൈത്തറി വ്യവസായത്തിന്റെ പുരോഗതിയ്ക്കായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ തുടരുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കൈത്തറി വ്യവസാ യത്തിന്റെ പുരോഗതിയ്ക്കായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ തുടരുന്നതിനായി ഈ സർക്കാർ 2011-12 ബഡ്ജറ്റിൽ 43.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കൈത്തറിതൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിന് കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച നടപടിയോട് ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ ? | (സി) | ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ചുള്ള ആനുകൂല്യങ്ങൾ തുടർന്നും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ